




# ACADEMIC MASTER PLAN 2025-26

## GVHSS MOGRAL

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി വി എച്ച് എസ് എസ് മൊഗ്രാൽ

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | കാസർഗോഡ് |
| 2. സ്കൂൾ കോഡ് | : | 11029 |
| 3. സ്കൂളിൻറെ  പേര് | : | ജി വി എച്ച് എസ് എസ് മൊഗ്രാൽ |
| 4. മേൽ വിലാസം | : | മൊഗ്രാൽ പി ഒ, കാസർഗോഡ് ജില്ല |
| 5. പിൻകോഡ് | : | 671321 |
| 6. ഫോൺ നമ്പർ | : | 9745419521 |
| 7. ഇ-മെയിൽ അഡ്രസ് | : | 11029mogral@gmail.com |
| 8. ഗ്രാമ പഞ്ചായത്ത് | : | കുമ്പള ഗ്രാമ പഞ്ചായത്ത് |
| 9. വിദ്യാഭ്യാസ ജില്ല | : | കാസർഗോഡ് |
| 10. സബ് ജില്ല | : | കുമ്പള |
| 11. ക്ലാസുകൾ | : | 1 മുതൽ  12 വരെ |
| 12. പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

കാസർകോട് ജില്ലയുടെ വടക്കേ അതിർത്തിയിൽ മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിൽപ്പെടുന്ന കുമ്പള പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൊഗ്രാൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ 2000-ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമാണ്. മഞ്ചേശ്വരം മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളായി തിരഞ്ഞെടുക്കപ്പെട്ട ഈ വിദ്യാലയം, പഠന-പാഠ്യേതര മേഖലകളിൽ ഘട്ടം ഘട്ടമായി ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു വരുന്നു. സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുന്ന ഒരു പ്രധാന കേന്ദ്രമാണ് ഈ സ്ഥാപനം. മുമ്പ് അക്കാദമികമായി പിന്നാക്കം നിന്നിരുന്ന ഈ വിദ്യാലയം, കൂട്ടായ പ്രവർത്തനങ്ങളിലൂടെയും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉൾപ്പെടെ ഗണനീയമായ വിജയവും നേട്ടങ്ങളും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്. പരീക്ഷകളിൽ മികച്ച വിജയം നേടി സ്കോളർഷിപ്പുകൾ കരസ്ഥമാക്കുന്നത് കൂട്ടായ പ്രവർത്തനത്തിന്റെ ശുഭസൂചനയാണ്. എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ അവകാശമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനൊപ്പം, മാപ്പിളപ്പാട്ട്, അറബിക് കലോത്സവം, ഫുട്ബോൾ തുടങ്ങിയ മേഖലകളിൽ പ്രത്യേക താല്പര്യവും പ്രാവീണ്യവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് അവസരങ്ങൾ സൃഷ്ടിച്ച് അവരുടെ മികവ് വർധിപ്പിക്കാൻ സ്കൂളിന് സാധിക്കുന്നു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സ്വയം പ്രതിരോധ പരിശീലനം, യോഗ ക്ലാസുകൾ, നീന്തൽ പരിശീലനം എന്നിവ നൽകി ആത്മവിശ്വാസവും സ്വയംരക്ഷാ ശേഷിയും വളർത്തുന്നതിന് സ്കൂൾ പ്രയത്നിക്കുന്നു. പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ പൊതുസമൂഹത്തെ ഉൾപ്പെടുത്തി, കൃത്യമായ ആസൂത്രണത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ അക്കാദമിക മികവ് ഉറപ്പാക്കുന്നു.

ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി,

അക്കാദമിക മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ സജീവ ഇടപെടലും പൂർവവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, നാട്ടുകാർ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവരുടെ പൂർണ സഹകരണവും ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. സ്കൂൾ ക്യാമ്പസിനെ പരമാവധി ജൈവവൈവിധ്യമുള്ളതാക്കി, പുൽത്തകിടി, പാർക്ക്, പച്ചക്കറിത്തോട്ടം എന്നിവ ഉൾപ്പെടുത്തി ശിശുസൗഹൃദമായ അന്തരീക്ഷമൊരുക്കാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ഓരോ അധ്യായന വർഷവും വർധിച്ചുവരുന്ന വിദ്യാർത്ഥികളുടെ എണ്ണം, മികവിനുള്ള നാടിന്റെ പിന്തുണയുടെ സാക്ഷ്യമാണ്. അക്കാദമിക മികവിനുള്ള പൊതുസമൂഹത്തിന്റെ പിന്തുണ നിലനിർത്തി, പഠന-പാഠ്യേതര മേഖലകളിൽ നൂതന കർമപദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കുന്നതിനായി ഈ മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നു. ഇതിൽ ഉൾക്കൊള്ളിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ, അക്കാദമിക രംഗത്ത് പുതിയ ഉണർവും മികവും കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

.......................................

# ജി വി എച്ച് എസ് എസ് മൊഗ്രാൽ ഇന്ന് വരെ

അറബിക്കടലിന്റെ തലോടലേറ്റ് മാപ്പിളപ്പാട്ടിന്റെ ശീലുകൾ നെഞ്ചിലേറ്റി കാൽപ്പന്തുകളിയുടെ ചടുലതാളങ്ങൾക്കൊപ്പം ചുവടുവെക്കുന്ന ഗ്രാമം. മൊഗ്രാലിന് വിശേഷണങ്ങളേറെയാണ്. ഈ ഗ്രാമത്തിലെ ജനങ്ങൾക്ക് ആദ്യാക്ഷരത്തിന്റെ മധുരം പകർന്ന് അറിവിന്റെ തീരങ്ങളിൽ കൈപിടിച്ചുനടത്തി വിജ്ഞാനത്തിന്റെ വിഹായസ്സിലേക്കുയരാൻ പ്രാപ്തരാക്കുന്ന വിദ്യാലയമാണ് മൊഗ്രാൽ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ. ഈ നാടിന്റെ സാംസ്കാരിക ഭൂമികയെ ചിട്ടപ്പെടുത്തുന്നതിൽ ഈ വിദ്യാലയത്തിന്റെ പങ്ക് നിസ്തുലമാണ്.

1914 മുതൽ മൊഗ്രാലിൽ താലൂക്ക് ബോർഡിന്റെ കീഴീൽ ഒരു കന്നട സ്കൂൾ ആരംഭിക്കുകയും 1918-ൽ അത് നിർത്തൽ ചെയ്യുകയും ചെയ്തു. 1919 മുതൽ 1932 വരെ ബഹു. ശ്രീ മമ്മി സാഹിബിന്റെ മേൽനോട്ടത്തിൽ ഒരു എയിഡഡ് സ്കൂൾ നിലവിൽ വന്നു. 1929 ൽ അഹമ്മദ് മൊഗ്രാലിന്റെ വീടിനോടനുബന്ധിച്ച് താലൂക്ക് ബോർഡിന്റെ കിഴിൽ ഒരു ഗേൾസ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. മുമ്പ് സഥാപിച്ച എയിഡഡ് സ്കൂൾ 1932 ൽ നിർത്തലാക്കിയതിനാൽ നിലവിലുണ്ടായിരുന്ന ഗേൾസ് സ്കൂൾ 1934 ൽ മാപ്പിള മിക്സ്ഡ് സ്കൂളായി മാറി. പ്രസ്തുത സ്കൂൾ 1936- ൽ പഴയ പോസ്റ്റ് ആഫീസിന്റെ മുകളിൽ ആരംഭിച്ചു. ഇപ്പോഴത്തെ മെക്സിക്കൻ ഹോട്ടലിന്റെ തെക്കുഭാഗം). പ്രസതുത സ്കൂളിന്റെ ആദ്യത്തെ ഏകാധ്യാപകൻ മൊഗ്രാലുകാരനായ ശ്രി. ടി. മമ്മുഞ്ഞി മാസ്റ്ററായിരുന്നു. തുടർന്ന് District Board നിലവിൽ വന്നതിനു ശേഷം ഒന്നു മുതല് അഞ്ചു വരെ ക്ലാസുകളുണ്ടായിരുന്ന പ്രസ്തുത സ്കൂൾ -ഇപ്പോൾ മൊഗ്രാൽ സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ - ആരംഭിച്ചു (മൊഗ്രാൽ കിണറിന് പടിഞ്ഞാറു ഭാഗം). ഈ സ്കൂളിന് വേണ്ടി കെട്ടിടം നിർമ്മിച്ചു കൊടുത്തത് ശ്രി എം സി മമ്മിസാഹിബായിരുന്നു. കുട്ടികളുടെ എണ്ണം കുടിയപ്പോൾ ഇവിടെ സ്ഥലം തികയാതെ വന്നു. അങ്ങനെ ഗവണ്മെന്റ് സഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ District Board തിരുമാനിച്ചു. കേരള സംസ്ഥാന പിറവിക്കു ശേഷം 1957 ൽ ഈ സ്കൂൾ യുപി സ്കൂളായി ഉയർത്തപ്പെട്ടു. അതിന് ശേഷം ഗവണ്മന്റ് സഥലത്ത് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം അരംഭിച്ചു. 1980 ജൂൺ മാസത്തിൽ ഈ ഇതിനെ ഒരു ഹൈസ്കൂളായി ഉയർത്തിക്കൊണ്ടുള്ള വിജ്ഞാപനം വന്നു. ഹൈസ്കൂളിന് വേണ്ടിയുള്ള കെട്ടിടം നാട്ടുക്കാർ നിർമ്മിച്ചുനൽകണമെന്നായിരുന്നു വ്യവസ്ഥ. അത് പ്രകാരം 14/06/1980 ന് അന്നത്തെ പി ടി എ പ്രസിഡന്റും മുൻ മദ്രാസ് അസംബ്ലി മെമ്പറുമായ പരേതനായ M S മൊഗ്രാലിന്റെ അധ്യക്ഷതയിൽ നാട്ടുകാരുടെ ഒരു വിപുലമായ യോഗം

ചേർന്ന് ഹൈസ്കൂൾ കെട്ടിട നിർമാണത്തിനു വേണ്ടി പരേതരായ M C അബ്ദുൽ ഖാദർ ഹാജി പ്രസിഡണ്ടും ശ്രീ. P C കുഞ്ഞിപ്പക്കി ജനറൽ സെക്രട്ടറിയുമായ ഒരു 11 അംഗ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ വെറും 59 ദിവസത്തെ തീവ്രപരിശ്രമത്തിനു ശേഷം 13/07/1980 ന് അന്നത്തെ കാസറഗോഡ് D E O ശ്രീമതി സുകുമാരിയമ്മ പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 1983 ൽ കിഴക്കു ഭാഗത്തുള്ള കെട്ടിടത്തിന്റെ പിറകിൽ സിമന്റ് ഷീറ്റ് ഇട്ട മൂന്ന് ക്ലാസ്സ് മുറികൾക്കുള്ള ഒരു കെട്ടിടം കൂടി P T A നിർമിക്കുകയുണ്ടായി.

വളരെ ചെറിയ ചുറ്റുപാടിലും പരിമിതമായ സൗകര്യത്തോടെയും ആരംഭിച്ച ഈ വിദ്യാലയം ഇന്ന് എല്ലാ ആധുനികസൗകര്യങ്ങളും നേടിയെടുത്തുകൊണ്ട് പടർന്ന് പന്തലിച്ചു നിൽക്കുകയാണ്. 1991 ലാണ് നമ്മുടെ സ്ഥാപനത്തിൽ V H S E Course തുടങ്ങുന്നത്. V H S E ക്ക് വേണ്ടി നാട്ടുകാരുടെ വക മൂന്ന് ക്ലാസ് മുറികളുള്ള ഒരു കെട്ടിടം കൂടി പണിയുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിലാണ് V H S E ക്ലാസും ലാബും പ്രവർത്തിക്കുന്നത്. 1995 ൽ V H S E ക്ക് വേണ്ടി സർക്കാർ ഒരു വർക്ക്ഷെഡ് നിർമ്മിക്കുകയുണ്ടായി. 08/07/1995 മഞ്ചേശ്വരം M L A ബഹു. ചെർക്കളം അബ്ദുള്ളയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. 1999-2000 വർഷത്തിൽ കാസർഗോഡ് ജില്ലാപഞ്ചായത്ത് 4 ക്ലാസുകളുള്ള ഒരു കെട്ടിടത്തിന് അനുമതി നല്കുകയും മഞ്ചേശ്വരം M L A ബഹു. ചെർക്കളം അബ്ദുള്ള ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 2000-2001 വ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കെട്ടിടം കൂടി അനുവദിച്ചു.

മികച്ച വിദ്യാഭ്യാസം നൽകാൻ നമുക്ക് കഴിഞ്ഞതോടെ കുട്ടികൾ കൂടുതലായി ഇങ്ങോട്ട് ആകർഷിക്കപ്പെട്ടു. തുടർന്ന് കെട്ടിടസൗകര്യം കുറഞ്ഞതിനാൽ ഷിഫ്റ്റ് സമ്പ്രദായം തുടങ്ങേണ്ടി വന്നു. സ്കൂളിനടുത്തുള്ള യൂനാനി ആശുപത്രി കെട്ടിടത്തിലും മുഹ്യിദ്ധീൻ പള്ളിയോട് ചേർന്ന മദ്രസാകെട്ടിടത്തിലും ക്ലാസുകൾ തുടങ്ങി. 1999, 2000, 2001 വർഷങ്ങളിൽ ജില്ലാപഞ്ചായത്ത് മൂന്ന് കെട്ടിടങ്ങൾ കൂടി അനുവദിച്ചതോടെ പന്ത്രണ്ടുവർഷം നിലനിന്നിരുന്ന ഷിഫ്റ്റ് സമ്പ്രദായം മാറി. മഞ്ചേശ്വരം എം.എൽ.എ. ശ്രീ. ചെർക്കളം അബ്ദുള്ളയുടെ ശ്രമഫലമായി 2004-05 വർഷത്തിൽ നമുക്ക് ഹയർ സെക്കന്ററി അനുവദിച്ചു. മൂന്നു ക്ലാസ് റൂമുകളും അനുവദിച്ചുകിട്ടി. 14/08/2009 ന് നാല് ക്ലാസ്റൂമുകളുള്ള ഒരു കെട്ടിടത്തെ അന്നത്തെ മഞ്ചേശ്വരം എം.എൽ.എ. സി.എച്ച് കുഞ്ഞമ്പു ഉദ്ഘാടനം ചെയ്തു. 2014 ൽ മൂന്ന് ക്ലാസ്റൂമുകളുള്ള കെട്ടിടം അന്നത്തെ വിദ്യാഭ്യാസമന്ത്രി. പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്തു.

ഇപ്പോഴത്തെ സർക്കാറിന്റെ സ്വപ്നപദ്ധതികളിലൊന്നായ ഹൈ-ടെക് ക്ലാസ്റൂമുകൾക്കു വേണ്ടി നാട്ടുകാരുടെ സഹകരണത്തോടെ ഹൈസ്കൂൾ വിഭാഗത്തിലെ 19 ക്ലാസ്സുറികൾ സജ്ജീകരിച്ചു. 2018 ജനുവരി പകുതിയോടു കൂടി 19 ക്ലാസ്സുറികൾ ഹൈടെക്‌വൽക്കരിക്കാനുള്ള ലാപ്ടോപ്പും പ്രൊജക്റ്ററുകളും നമ്മുടെ സ്കൂളിന് സർക്കാറിന്റെ ഭാഗത്തുനിന്നും ലഭിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന സ്കൂളുകളുടെ കൂട്ടത്തിൽ മഞ്ചേശ്വരം മണ്ഡലത്തിൽ നിന്നും മൊഗ്രാൽ സ്കൂളിനെയാണ് എം.എൽ.എ. പി.ബി. അബ്ദുൽറസാഖ് നിർദ്ദേശിച്ചത്.

ഭൗതികസാഹചര്യങ്ങളുടെ വലിയ ഒരു മുന്നേറ്റം ഉറപ്പ് വരുത്തിക്കൊണ്ട് മഞ്ചേശ്വരം മണ്ഡലത്തിലെ International Level School ആയി GVHSS Mogral തിരഞ്ഞെടുക്കപ്പെടുകയും നൂതന സൗകര്യങ്ങളോടെ Admin Block, Academic Block എന്നിങ്ങനെ മൂന്ന് നില ബിൽഡിങ്ങുകൾ 5.5 കോടി നിർമാണച്ചെലവിൽ പൂർത്തിയാക്കപ്പെടുകയും ചെയ്തു. സ്കൂളിൻെറ മികച്ച പുരോഗതി ഉറപ്പ് വരുത്തുന്നതിനായി പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ തുടങ്ങി എല്ലാവരും കൈകോർത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക മികവ് എല്ലാ തലങ്ങളിലും പടി പടിയായി ഉയർത്തിക്കൊണ്ടു വരാൻ സ്കൂളിന് സാധിക്കുന്നുണ്ട്. 2019 വർഷം SSLC ക്ക് 1 Full A+ എന്നത് 2022-2023 വർഷത്തിൽ 13 Full A+ ആയും , 2023- 2024 വർഷത്തിൽ 20 Full A+ കൂടാതെ 9 വിഷയങ്ങൾക്ക് A+ നേടി 9 വിദ്യാർഥികളും മികവുയർത്തി. FOCUS 23, FOCUS 24 എന്നീ പേരുകളിൽ ഈ വർഷങ്ങളിൽ നടപ്പിലാക്കിയ SSLC തീവ്ര പരിശീലന പരിപാടി മികച്ച ഫലം ഉറപ്പാക്കി. LSS, USS, NMMS പരീക്ഷകളിലൊക്കെ മികച്ച പരിശീലനം നൽകി സ്കോളർഷിപ്പ് കഴിഞ്ഞ വർഷങ്ങളിൽ നേടാനായത് തുടർന്നുള്ള പരിശ്രമങ്ങൾക്ക് ഉൗർജം പകരുന്നതാണ്.

..............................................................................................

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വയനാ ശേഷി വർദ്ധിപ്പിക്കൽ
5. ലബോറട്ടറി നവീകരണം
6. ശാസ്ത്രം ഗണിതം സോഷ്യൽ സയൻസ് പ്രതിഭാ പോഷണ പരിപാടി
7. ലൈബ്രറി ശാക്തീകരണം
8. ജൈവവൈവിധ്യ പാർക്ക്
9. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
10. പഠനയാത്രകൾ
11. സ്കൂൾ പത്രം മാസിക
12. അധ്യാപക ശാക്തീകരണം - സ്കൂൾ എസ് ആർ ജി തലം പ്രവർത്തി പരിചയ പരിശീലനം
13. കലാപരിപോഷണം
14. പച്ചക്കറിത്തോട്ടം
15. സാഹിത്യ ശില്പശാലകൾ
16. ഭാഷ ലാബ്
17. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
18. ഗവേഷണാത്മക പഠനം
19. കായിക ശേഷി വികസനം
20. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
21. ഐടി പഠനം കാര്യക്ഷമമാക്കൽ
22. ജന്മദിന പുസ്തകം
23. ചിത്രരചന ക്യാമ്പ്
24. ശാസ്ത്ര ഗണിതശാസ്ത്ര എസ് എസ് ഐ ടി പ്രവർത്തി പരിചയമേളകൾ
25. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
26. മെഡിക്കൽ ക്യാമ്പ്
27. സഹവാസ ക്യാമ്പ്
28. കുട്ടി റേഡിയോ
29. കുട്ടിചാനൽ

# പ്രവർത്തനങ്ങൾ: വിശദാംശങ്ങൾ

# LP വിഭാഗം

# മേഖല - മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * മലയാള മധുരം | * വായിക്കാനും എഴുതാനും അറിയാത്ത 2, 3, 4 ക്ലാസുകളിലെ കുട്ടികളെ അക്ഷരം അറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപിക | |
| * വായന മരം | * എഴുതാനും വായിക്കാനും അറിയുന്ന കുട്ടികൾക്കായി ഒരു മരത്തിന് ചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി പുസ്തക ചർച്ച, കവിതാ, കഥാ അവതരണം കുറിപ്പ് തയ്യാറാക്കൽ | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപിക | |
| *സംയുക്ത ഡയറി/ സർഗാത്മക ഡയറി<br>* സചിത്ര പുസ്തകം | * ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകൾ പ്രയാസങ്ങൾ പരിമിതികൾ തിരിച്ചറിയുന്നു. | ഓഗസ്റ്റ് -<br>സെപ്റ്റംബർ | ക്ലാസ് അധ്യാപിക | |
| * റീഡേഴ്സ് തിയേറ്റർ<br>* പാട്ടരങ്ങ് | * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ചുകൊണ്ട് എൽ പി വിഭാഗത്തിലെ മുഴുവൻ കുട്ടികളെയും ഭാഷയുടെ ഉയർന്ന തലത്തിൽ എത്തിക്കാൻ പ്രാപ്തരാക്കുക. | ഒക്ടോബർ -<br>നവംബർ | ക്ലാസ് അധ്യാപിക | |
| * കാവ്യോത്സവം<br>* രചനോത്സവം<br>* ഭാഷോത്സവം<br>* പഠനോത്സവം | * കുട്ടികൾക്ക് സർഗാത്മകശേഷി പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | ഡിസംബർ-<br>ജനുവരി | ക്ലാസ് അധ്യാപിക | |

# Subject – English

| Objectives | Activities | Duration | Duty | Finance |
|---|---|---|---|---|
| 1. **Foundation and Introduction:** Build a strong foundation in basic reading and writing skills. Introduce simple grammar concepts. Encourage listening and speaking through storytelling. | Reading:<br>Introduce short, simple stories and picture books.<br>Focus on phonics and decoding skills.<br>Encourage reading aloud in class. | June- July | Class teacher | |
| | Writing:<br>Practice writing simple sentences.<br>Introduce basic punctuation (periods, question marks, exclamation points).<br>Work on handwriting and letter formation. | August -September | Class teacher | |
| | Grammar:<br>Nouns (people, places, things).<br>Simple verbs and their usage.<br>Articles (a, an, the). | October- November | Class teacher | |
| | Speaking and Listening:<br>Storytelling sessions.<br>Simple classroom discussions and show-and-tell activities.<br>Listening to audio stories and answering questions. | December- January | Class teacher | |
| | Activities:<br>Phonics games.<br>Sentence construction worksheets.<br>Drawing and writing short descriptions. | February- March | Class teacher | |
| 2. **Developing Basic Skills Expand vocabulary:** | Reading: Read slightly longer stories with simple plots.<br>Introduce comprehension questions.<br>Group reading sessions. | June- July | Class teacher | |

| | | | | |
|---|---|---|---|---|
| Introduce more complex sentence structures.<br>Enhance comprehension skills. | Writing:<br>Write short paragraphs.<br>Practice descriptive writing.<br>Introduction to simple narrative writing.<br>Grammar:<br>Introduction to adjectives.<br>Subject-verb agreement.<br>Basic conjunctions (and, but, or).<br>Speaking and Listening:<br>Role-playing and drama activities.<br>Class discussions on familiar topics.<br>Listening comprehension exercises.<br>Activities:<br>Vocabulary flashcards.<br>Paragraph writing prompts.<br>Story sequencing activities. | August -September<br><br><br><br><br>October- November<br><br><br><br>December- January<br><br><br><br>February- March | Class teacher<br><br><br><br><br>Class teacher<br><br><br><br>Class teacher<br><br><br><br>Class teacher | |
| 3. **Building Complexity Objectives:**<br>Develop independent reading skills.<br>Introduce creative writing.<br>Enhance grammar knowledge. | Reading:<br>Independent reading time.<br>Introduction to simple chapter books.<br>Discussing themes and main ideas.<br>Writing:<br>Creative writing prompts (e.g., "Write a story about your favorite animal").<br>Writing friendly letters.<br>Basic editing and revising skills.<br>Grammar:<br>Pronouns (he, she, it, they).<br>Introduction to adverbs.<br>Plural forms of nouns. | June- July<br><br><br><br><br>August -September<br><br><br><br>October- November | Class teacher<br><br><br><br><br>Class teacher<br><br><br><br>Class teacher | |

| | | | | |
|---|---|---|---|---|
| | Speaking and Listening:<br>Group presentations.<br>Story retelling with added details.<br>Listening to instructions and following them.<br>Activities:<br>Book reports.<br>Creative story writing contests.<br>Grammar games and quizzes. | <br><br>December- January<br><br><br>February- March | <br><br>Class teacher<br><br><br>Class teacher | |
| 4. **Consolidation and Assessment:**<br>Consolidate all learned skills.<br>Prepare for mid-year assessments.<br>Encourage critical thinking and expression. | Reading:<br>Diverse reading materials including poetry and non-fiction.<br>Summarizing stories and identifying main points.<br>Reading comprehension exercises.<br>Writing:<br>Writing short essays.<br>Opinion writing (e.g., "What is your favorite holiday and why?").<br>More advanced narrative writing with a clear beginning, middle, and end.<br>Grammar:<br>Review all previously learned grammar concepts.<br>Introduction to simple past and future tenses.<br>Possessive nouns and pronouns.<br>Speaking and Listening:<br>Class debates on simple topics.<br>Oral book reports.<br>Listening to and discussing various forms of media (e.g., songs, podcasts).<br>Activites:<br>Reading journals.<br>Peer editing and feedback sessions.<br>End-of-term projects showcasing students' work. | June- July<br><br><br><br>August -September<br><br><br><br><br>October- November<br><br><br><br><br><br>December- January | Class teacher<br><br><br><br>Class teacher<br><br><br><br><br>Class teacher<br><br><br><br><br><br>Class teacher<br><br><br><br>Class teacher | |

| | | | | |
|---|---|---|---|---|
| | Assessment and Review<br>Conduct regular quizzes and tests to assess reading, writing, and grammar skills.<br>Provide feedback and personalized goals for each student.<br>Review and revisit.<br>challenging areas as needed.<br>By following this plan, LP class students will develop a strong foundation in English language skills, preparing them for more advanced studies in subsequent grades. | February- March | | |

| മേഖല - ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| * ശാസ്ത്രാവബോധം വളർത്തുക<br>* പ്രകൃതി വിഭവ സംരക്ഷണം<br>* ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ<br>* ജലസ്രോതസ്സുകളുടെ സംരക്ഷണം പരിസര സംരക്ഷണം എന്നിവയുടെ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>* പ്രവർത്തനങ്ങൾ | ജൂൺ 5 പരിസ്ഥിതി ദിനം ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ എല്ലാ കുട്ടികൾക്കും വൃക്ഷത്തൈ വിതരണം എന്നിവ നടത്തുന്നു. | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപിക | |
| * പ്രകൃതിനടത്തം<br>* പൂന്തോട്ട നിർമ്മാണം, അടുക്കളത്തോട്ട നിർമ്മാണം<br>* ഭൂപടവായന<br>* ലഘുപരീക്ഷണങ്ങൾ<br>* ജൈവവൈവിധ്യം പാർക്ക്<br>* ശാസ്ത്രപ്രതിഭകളെ പരിചയപ്പെടൽ പ്രവർത്തന ലക്ഷ്യങ്ങൾ<br>* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് | കുട്ടികൾ വീട്ടിൽ തയ്യാറാക്കിയ പൂന്തോട്ടത്തിന്റെ ഫോട്ടോയെടുത്ത് ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു | ഓഗസ്റ്റ് - സെപ്റ്റംബർ | ക്ലാസ് അധ്യാപിക | |
| കണ്ടെത്തൽ<br>• ചെടികൾക്ക് വേര് തണ്ട് ഇല പൂവ് കായ എന്നീ | ഫീൽഡ് ട്രിപ്പ് നടത്തി ആവാസവ്യവസ്ഥയെപ്പറ്റി നിരീക്ഷിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു | ഒക്ടോബർ - നവംബർ | ക്ലാസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു<br>* ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു<br>* പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>* ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>* ഭൂപടവായന, ഭൂപട രചന, സൂചിക നിർമ്മാണം,ഇവ ഉപയോഗിക്കൽ<br>* ശാസ്ത്ര മാസികയുടെ നിർമ്മാണം<br>* ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>* ശാസ്ത്ര പതിപ്പ്,ചാർട്ട്,ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പ്രദർശനം | ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്ന പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു<br><br>സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച അവരുടെ ഭാഗങ്ങൾ കണ്ടെത്തുന്നു | ഡിസംബർ-ജനുവരി<br><br>ഫെബ്രുവരി - മാർച്ച് | ക്ലാസ് അധ്യാപിക<br><br>ക്ലാസ് അധ്യാപിക | |

| മേഖല - കണക്ക് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.<br><br>*അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.<br>* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.<br>* രണ്ടക്ക സംഖ്യകളുടെ വ്യാഖ്യാനം നടത്തുന്നു<br>* കളികളിലൂടെ സംഖ്യകളെ താരതമ്യം | *സംഖ്യ കാർഡ് നിർമ്മാണം<br>* ഗണിത കിറ്റ് നിർമ്മാണം<br>* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>* ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിവ് ഉണ്ടാക്കൽ<br>* സങ്കലന വ്യവകലന ക്രിയകൾ ചെയ്യൽ<br>* സ്ഥാനവില പോക്കറ്റ്<br>* പാറ്റേൺ നിർമ്മാണം<br>* ജ്യാമിതീയ രൂപങ്ങൾ കണ്ടെത്തി വരയ്ക്കൽ<br>* മൂന്നക്ക സംഖ്യകൾ പരിചയപ്പെടാം<br>* ഒറിഗാമി ശില്പശാല<br>* ഗണിതരൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കാൻ<br>* ഗണിതോത്സവം<br>* ഗണിത കളികൾ<br>* ഗണിത ലാബ് ഒരിക്കൽ<br>* ഗണിത ചുമർ ഒരുക്കൽ<br>* പഠനോപകരണ നിർമ്മാണം<br>* ഗണിത പ്രശ്നോത്തരി,പസിൽ<br><br>* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>* രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും<br>* ഒരൊക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന | ജൂൺ - ജൂലൈ<br><br><br><br><br><br><br><br><br><br><br><br>ഓഗസ്റ്റ് - സെപ്റ്റംബർ | ക്ലാസ് അധ്യാപിക<br><br><br><br><br><br><br><br><br><br><br><br>ക്ലാസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| ചെയ്യുന്നതിനും ആരോഹണം അവരോഹണ ക്രമത്തിൽ എഴുതുന്നതിനും ഉള്ള ധാരണ ലഭിക്കുന്നു.<br>* ഗണിത പഠനം ഉല്ലാസപ്രദവും കൗതീകരവുമായി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.<br>* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരായി മാറ്റുക.<br>* കലാകായിക പ്രവർത്തി പഠനാശയങ്ങൾ മറ്റു വിഷയങ്ങളുമായി ഉൾചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ. | വ്യവകലന പ്രവർത്തനങ്ങൾ<br>* സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു<br>* കളികളിലൂടെ സംഖ്യകളെ താരതമ്യം ചെയ്യുന്നതിനും ആരോഹണം അവരോഹണ ക്രമത്തിൽ എഴുതുന്നതിനും ഉള്ള ധാരണ ലഭിക്കുന്നു.<br>* കലണ്ടർ നിരീക്ഷിച്ച് മാസം, തീയതി എന്നിവയും കലണ്ടർ പാറ്റേണുകളും മനസ്സിലാക്കുന്നു<br>* ജാമിതീയ രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു.<br>* അബാക്കസിൽ സംഖ്യകൾ രൂപീകരിക്കാനും വായിക്കാനും കഴിവ് നേടുന്നു<br>* നീളം, ഉയരം എന്നിവ ഊഹിച്ച് പറയുന്നതിനുള്ള കഴിവ് നേടുന്നു<br>* ആവർത്തന സങ്കലനമാണ് ഗുണനം എന്ന ആശയം രൂപീകരിക്കുന്നു<br>* ജാമിതീയ സൗന്ദര്യം തിരിച്ചറിയുന്നു<br>* വിവിധ കളികളിലൂടെ ഗണിത ക്രിയകൾ ഉറപ്പിക്കുന്നു<br>* നാലക്ക സംഖ്യകളുടെ സംഖ്യാബോധം വ്യാഖ്യാനം<br>* റോമൻ സംഖ്യാ സമ്പ്രദായം പരിചയപ്പെടൽ .<br><br>* ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു<br>* 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്കും തിരിച്ചും മാറ്റി പറയുന്നു<br>* ഗണിത ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടൽ<br>* രണ്ട് നാലക്ക സംഖ്യകൾ തമ്മിലുള്ള വ്യത്യാസം കാണൽ<br>* ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ<br>* ഗുണനക്രിയകൾ ചെയ്യൽ<br>* ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ | ഒക്ടോബർ - നവംബർ<br><br>ഡിസംബർ-ജനുവരി | ക്ലാസ് അധ്യാപിക<br><br>ക്ലാസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| * അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.<br>* ഗണിതം ജീവിതവുമായി ബന്ധപ്പെടുത്തുക<br>*യുക്തിചിന്ത, ഗണിത ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക<br><br>ആധുനിക സാങ്കേതികവിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. | * ചെറിയ യൂണിറ്റുകൾ അളന്നു കണ്ടെത്തുന്നു<br>* അളവ് പാത്രങ്ങൾ അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നു<br>*10000 ത്തിനെ സ്ഥാനവിലയനുസരിച്ച് വ്യാഖ്യാനിക്കൽ<br>* പഠന മികവുകൾ പ്രദർശിപ്പിക്കൽ<br>പ്രവർത്തന ഘട്ടങ്ങൾ<br>*കളി നോട്ട്, സംഖ്യ ചക്രം, ഡൈസ് , മഞ്ചാടി, ഈർക്കിൽ കെട്ടുകൾ, അബാക്കസ് എന്നിവ ഉപയോഗിച്ച് ഗണിത കിറ്റ് നിർമ്മിക്കുന്നു.<br>* വ്യത്യസ്ത തരത്തിലുള്ള ജാമിതീയ രൂപങ്ങൾ ഈർക്കിൽ ഉപയോഗിച്ച് നിർമ്മിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br><br>* കാർ ബോർഡും ചാർട്ടും ഉപയോഗിച്ച് ക്ലോക്ക് നിർമ്മിക്കുന്നു. സമയത്തെ 12 മണിക്കൂർ ക്ലോക്കിൽ നിന്ന് 24 മണിക്കൂർ ക്ലോക്കിലേക്ക് ക്രമീകരിക്കുന്നു.<br>* ചാർട്ട് പേപ്പർ ഉപയോഗിച്ച് കലണ്ടർ നിർമ്മിച്ച് അതിൽ മാസവും തീയതിയും രേഖപ്പെടുത്തുന്നു.<br>* വ്യത്യസ്ത അളവ് ഉപകരണങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ നീളം അളക്കുന്നു.<br>* വ്യത്യസ്ത അളവ്പാത്രങ്ങൾ ക്ലാസിൽ നിർമ്മിക്കുന്നു.അവയിൽ അളന്നു നോക്കാൻ അവസരം നൽകുന്നു. | ഫെബ്രുവരി - മാർച്ച് | ക്ലാസ് അധ്യാപിക | |

# UP വിഭാഗം

# മേഖല : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക. | അക്ഷരംഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദനിർമ്മാണം<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപിക<br>SRG | പി ടി എ |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>ജന്മദിന പുസ്തകം<br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | ആവശ്യം അനുസരിച്ച് | വിദ്യാരംഗം ക്ലബ്ബ് കൺവീനർ<br>മലയാളം അധ്യാപിക | രക്ഷിതാക്കൾ |
| 3. പത്രവായന പരിപോഷിപ്പിക്കുക | പ്രധാന പത്രവാർത്തകളുടെ അവതരണം<br>പത്രവാർത്ത ക്വിസ് | ദിവസേന | ക്ലാസ് ടീച്ചർ ടീച്ചർ | പൂർവ വിദ്യാർത്ഥി സംഘടന<br>സന്നദ്ധ സംഘടന |
| 4. സർഗ്ഗശേഷി വികസനം | പുസ്തക വായന പരിപോഷിപ്പിക്കുക<br>വായനാക്കുറിപ്പ് അവതരണം<br>കവിതാലാപന മത്സരം<br>കഥാ രചന<br>കവിതാരചന<br>സർഗ്ഗ വേള | മാസത്തിൽ ഒരു തവണ | ക്ലാസ് ടീച്ചർ | പി ടി എ |

# മേഖല : അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ലോകത്തിലെ മൂന്നാമത്തെ വലിയ ഭാഷയായ അറബി പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക. | അക്ഷരങ്ങൾ ഉറപ്പിക്കൽ,വാചകങ്ങൾ നിർമിക്കൽ ,ഭാഷാ കളികൾ, വായന വസന്തം, വായന മത്സരം, ക്ലാസ് , ലൈബ്രറി, ഇ -വായന, അറബിക് പത്രവായന, റേഡിയോ | ജൂൺ മുതൽ ഫെബ്രുവരി വരെ | അറബിക് ടീച്ചർ | |
| 2. അറബി ഭാഷാ പഠനം മുഴുവൻ കുട്ടിക്കും പ്രയോജനകരമാണെന്ന് ഉറപ്പാക്കുക. | എഴുത്തുത്സവം, വായനാ കുറിപ്പ്, ശേഖരണം, മാഗസിൻ പത്രങ്ങൾ, പോസ്റ്റർ, ഭാഷാകളികൾ | മാസത്തിൽ ഒരു തവണ | അറബിക് ടീച്ചർ | |
| 3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള അന്തരീക്ഷം ക്ലാസ് മുറികളിൽ സൃഷ്ടിക്കുക. | അറബിക് കമ്മ്യൂണിക്കേഷൻ, ആശയ വിനിമയ വേദി- ക്ലാസ് തലം, സ്കൂൾ തലം<br>മൊബൈൽ, അറബിക് മേള, പ്രസംഗം, ഭാഷ കളികൾ, അറബിക്അസംബ്ലി, ഭാഷ ക്യാമ്പ് | മാസത്തിൽ ഒരു തവണ | അറബിക് ടീച്ചർ | |

| മേഖല : ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| 1. കുട്ടികൾക്ക് ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസനം | •ഇംഗ്ലീഷ് ഡയറി എഴുത്ത് •ഇംഗ്ലീഷ് പത്ര റിപ്പോർട്ട് അവതരണം. •ഇംഗ്ലീഷ് പുസ്തക വായന. •ഓരോ ദിവസത്തെയും ക്ലാസ്സ് റിവ്യൂ തയ്യാറാക്കൽ | എല്ലാ ദിവസവും | ഇംഗ്ലീഷ് ടീച്ചർ. എസ് ആർ ജി | പി ടി എ |
| 2. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള ശേഷി വികസനം | •ക്ലാസുകൾ ഇംഗ്ലീഷിൽ കൈകാര്യം ചെയ്യൽ. •ഇംഗ്ലീഷ് ഡിബേറ്റ് ,പ്രസംഗം, സ്കിറ്റ് •ഇംഗ്ലീഷ് സംസാരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക | മാസത്തിൽ ഒരുതവണ | ഇംഗ്ലീഷ് ടീച്ചർ എസ് ആർ ജി | പി ടി എ |
| 3. വായന പ്രോത്സാഹിപ്പിക്കുന്നതിന് | •ഇംഗ്ലീഷ് ക്ലബ് രൂപീകരണം •ഇംഗ്ലീഷ് ലൈബ്രറി. •ഇംഗ്ലീഷ് പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായനക്കുറിപ്പ് തയ്യാറാക്കുക | മാസത്തിൽ ഒരുതവണ | ഇംഗ്ലീഷ് ടീച്ചർ എസ് ആർ ജി | രക്ഷിതാക്കൾ |
| 4. ഇംഗ്ലീഷ് ഭാഷ നൈപുണ്യം വളർത്തുക | •ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കഥാരചന കവിതാരചന, മാഗസിൻ നിർമ്മാണം തുടങ്ങിയവ സംഘടിപ്പിക്കൽ. •പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കിറ്റ് സംഭാഷണം തുടങ്ങിയവയുടെ അവതരണം | പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നതിന് അനുസരിച്ച് | ഇംഗ്ലീഷ് ടീച്ചർ. ക്ലബ് കൺവീനർ | പി ടി എ |

| മേഖല : ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. 5 6 7 ക്ലാസിലെ എല്ലാ കുട്ടികൾക്കും ആശയങ്ങ-ളും പദങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്ക്ലാസിൽ അക്ഷരമാല പ്രദർശനംഓൺലൈൻ അക്ഷരമാല കളി-കൾ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | *ഹിന്ദി അദ്ധ്യാപകർ<br>* റിസോഴ്സ് ടീച്ചേഴ്സ് | പി ടി എ |
| 2. വായനാ വസന്തം | *വാക്കുകൾ എഴുതിയ കാർഡുകൾ<br>*വാക്കുകൾ_ നിർമാണം *വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ഓഗസ്റ്റ് വരെ | *ഹിന്ദി അധ്യാപകർ | |
| 3. അക്ഷരമിത്രം പ്രോ-ഗ്രാം | *ബാലകവിത ചാർട്ട്<br>*വർക്ക് ഷീറ്റുകൾ<br>*ഹിന്ദി ഭിത്തി പത്രിക *ഹിന്ദി അസംബ്ലി | ഒരു വർഷം | *ഹിന്ദി അധ്യാപകർ<br>*SRG | പി ടി എ |
| 4. വീട് ഒരു പരീക്ഷണ-ശാല (കാണുന്നതും കേൾ-ക്കുന്നതും ഉപയോഗിക്കു-ന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠി-ക്കുക) | *വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെ-യുള്ള വസ്തുക്കളുടെ പട്ടിക_ ഹിന്ദിയിൽ.<br>* ഐസിടി സഹായത്തോടെ വസ്തുക്കളും വാക്കുകളും പരി-ശീലിക്കാനുള്ള അവസരം.<br>* CWSN കുട്ടികളുടെ പങ്കാളിത്തം. | സെപ്റ്റംബർ മുതൽ ഡിസം-ബർ വരെ | *ഹിന്ദി അധ്യാപകർ<br>*റിസോഴ്സ് ടീച്ചേഴ്സ് | രക്ഷിതാക്കൾ |

# മേഖല : അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ നൽകുക തൊഴിൽ അവബോധം സൃഷ്ടിക്കുക | 1 ഉപകരണ നിർമ്മാണ ശില്പശാല:കുട്ടികൾ ലോക്കോസ്റ്റ് മെറ്റീരിയൽസ് സംഘടിപ്പിച്ചുകൊണ്ട് വിദഗ്ദന്റെ സഹായത്തോടെ ശാസ്ത്ര തത്വങ്ങളെ ആസ്പദമാക്കി കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന പദ്ധതി.<br>2.ശാസ്ത്ര നാടകങ്ങളുടെ പരിശീലനം | ആറുമാസം | സിമി എം ടീച്ചർ | പിടിഎ<br>രക്ഷിതാക്കൾ<br>പി ടി എ |
| 2. ശാസ്ത്ര പ്രക്രിയശേഷികൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ശാസ്ത്രപരീക്ഷണങ്ങളുടെ പരിശീലനവും മോഡലുകൾ നിർമ്മിക്കുകയും ക്ലാസ് ലാബുകളിലേക്കും തുടർന്ന് ശാസ്ത്രമേളകളിലും ഉപയോഗപ്പെടുത്താവുന്നതുമായ പദ്ധതി | ഒരു വർഷം | സുകന്യ ടീച്ചർ | പൂർവ്വ വിദ്യാർത്ഥികൾ<br>പിടിഎ |
| 3 കുട്ടികളിൽ ശാസ്ത്ര മനോഭാവം വർദ്ധിപ്പിക്കുക | പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട ശാസ്ത്ര തത്വവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക. ശലഭോദ്യാന നിർമാണം. പച്ചക്കറിത്തോട്ട നിർമ്മാണം | ഒരു വർഷം | ശ്രുതി ടീച്ചർ<br>രമ്യ ടീച്ചർ | പിടിഎ<br>രക്ഷിതാക്കൾ |
| 4.ആരോഗ്യകരമായ ജീവിതശൈലി പരിസര ശുചീകരണം എന്നിവയിലെ അവബോധം വർദ്ധിപ്പിക്കുക | പ്ലാസ്റ്റിക് സ്കൂൾ കോമ്പൗണ്ടിൽ നിന്നും ഒഴിവാക്കുന്നതിന് അതിനുള്ള പ്രവർത്തനങ്ങൾ ഓരോ ക്ലാസിലും അജൈവമാലിന്യങ്ങളും ജൈവമാലിന്യങ്ങളും വേർതിരിക്കാനുള്ള സംവിധാനം | ഒരു വർഷം | ദിവ്യ ടീച്ചർ | പിടിഎ |
| 5. ജീവിത മൂല്യങ്ങൾ തിരിച്ചറിയുന്നതിനും നൂതനാശയങ്ങളുടെ വികസനത്തിനും അവസരം ഒരുക്കുക | ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് പച്ചക്കറിത്തോട്ടത്തിലേക്കുള്ള വളം നിർമ്മിക്കാനുള്ള സംവിധാനം | ആറുമാസം | റഷീദ ടീച്ചർ | പിടിഎ, പൂർവവിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ |

| മേഖല : സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ ജനാധിപത്യ അവബോധം രൂപപ്പെടുത്തുക | • പാർലമെൻറ് തിരഞ്ഞെടുപ്പ്<br>• സ്കൂൾ പാർലമെൻറ് രൂപീകരണം<br>• മോക്ക് പാർലമെൻറ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | ഫർസാന. കെ. ടീച്ചർ | പി ടി എ |
| 2. സാമൂഹ്യ ശാസ്ത്രത്തിലെ നൂതന അറിവുകൾ ആനുകാലിക സംഭവങ്ങൾ ദിനാചരണങ്ങൾ എന്നിവയുടെ പ്രദർശനം ക്വിസ് | ബുള്ളറ്റിൻ ബോർഡ്<br>• എല്ലാ കുട്ടികൾക്കും വായിക്കാനും കാണാനും കുറിച്ചുവെക്കാനും സാധിക്കുന്ന രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക<br>• കൃത്യമായ സമയങ്ങളിൽ വിവരങ്ങൾ ശേഖരിച്ച് പുതുക്കി ബോർഡിൽ ഒട്ടിച്ചു വയ്ക്കുക<br>• ആനുകാലിക സംഭവങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം സംഘടിപ്പിച്ചു സമ്മാനം നൽകുക | എല്ലാദിവസവും<br><br>മാസത്തിൽ ഒരു തവണ | രതിക. ടി. വി. ടീച്ചർ | പി ടി എ |
| 3. പഠന യാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, കോട്ടകൾ എന്നിവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുക | പഠന യാത്രകൾ<br>• സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠന യാത്ര നടത്തുക | വർഷത്തിൽ ഒരുതവണ | പ്രസീത. പി. ടീച്ചർ | രക്ഷിതാക്കൾ |

| മേഖല - കണക്ക് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ, ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്കെ ത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകൻ | |
| 2. **ഗണിത ക്ലിനിക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗനിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന്ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിതാധാപകരും സമർത്ഥരായ കുട്ടികളും ചേർന്ന് | |
| 3.ഗണിതഗ്രാമം ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ നൽകുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകൻ, ക്ലബ് അംഗങ്ങൾ | |
| 4. വിവിധ ശേഷികളുടെ വികസനം,ദിനാചരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകൻ, ക്ലബ് അംഗങ്ങൾ | |

# ഹൈസ്കൂൾ വിഭാഗം

| മേഖല - മലയാള ഭാഷ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. വായനാശീലം | എട്ടാം ക്ലാസിലെ കുട്ടികളെ വായനാശീലം വളർത്തുന്നതിനായി വായന മത്സരം നടത്തുന്നു<br>എല്ലാദിവസവും പത്ര വായന ക്ലാസുകളിൽ നടത്തുന്നു | ജൂൺ ഒന്നുമുതൽ ഫെബ്രുവരി 28 വരെ | മലയാളം അധ്യാപികമാർ ക്ലാസ്ടീച്ചർ വിദ്യാരംഗം ക്ലബ് | |
| 2.ആശയ അവതരണത്തിനുള്ള ശേഷി നേതൃപാടവും | പ്രസംഗം മത്സരം സംഘടിപ്പിക്കുന്നു ഹൈസ്കൂൾ തുടർ പ്രവർത്തനമായി സ്കൂൾ അസംബ്ലിയിൽ സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ജൂൺ 19 മുതൽ 27 വരെ | വിദ്യാരംഗം ക്ലബ് | |
| 3. മാതൃഭാഷയിലെ ജ്ഞാനം വർദ്ധിപ്പിക്കൽ | ക്വിസ് മത്സരം നടത്തുന്നു<br>വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നു | ജൂൺ മുതൽ ഫെബ്രുവരി 28 വരെ | മലയാളം അധ്യാപകർ | എസ് ആർ ജി |
| 4. പുസ്തക പരിചയം | ജൂൺ 19 വായനാദിനത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കായി ലൈബ്രറിയിൽ വെച്ച് പുസ്തക പ്രദർശനം നടത്തി പ്രവർത്തനവുമായി എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു ബുക്ക് വായിക്കാനും വായനാക്കുറിപ്പുകൾ എഴുതാനുള്ള അവസരം | ജൂൺ 19 മുതൽ 28 വരെ | വിദ്യാരംഗം ക്ലബ് | |
| 5. അക്ഷര ക്ലാസ് | ഭാഷാ പരാജയം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള അക്ഷര ക്ലാസ് | ജൂലൈ മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപകർ | എസ് ആർ ജി |
| 6. സാഹിത്യ അഭിരുചി | കഥ കവിത ഉപന്യാസം ചിത്രരചന മത്സരങ്ങൾ നടത്തുന്നു | ജൂൺ 19 മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപകർ | |
| 7. സാഹിത്യ സദസ്സ് | അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടുന്ന ഗ്രൂപ്പിൻറെ സായാഹ്ന പുസ്തക ചർച്ച | ജൂലൈ മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8. എഴുത്ത് | തെറ്റില്ലാതെ അക്ഷരങ്ങളും ചിഹ്നങ്ങളും കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനം നോക്കിയെഴുത്ത് എന്ന പേരിൽ ഒരു നോട്ടുബുക്കിൽ എല്ലാ കുട്ടികളും സൂക്ഷിക്കുന്നു | ജൂലൈ മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപകർ | |
| 9. താളബോധം | കവിത നാടൻ പാട്ട് മാപ്പിളപ്പാട്ട് എന്നിവയുള്ള പ്രാഗൽഭ്യം വളർത്താൻ കുട്ടികൾക്കിടയിൽ വിവിധ മത്സരങ്ങൾ നടത്തുന്നു | സെപ്റ്റംബർ | വിദ്യാരംഗം ക്ലബ്ബ് | |
| 10. കയ്യെഴുത്ത് മാസിക | പ്രകൃതിസംരക്ഷണം വയോജന സംരക്ഷണം ഭിന്നശേഷിക്കാർ എന്നീ പ്രമേയങ്ങളെ മുൻനിർത്തിക്കൊണ്ട് കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു | ഒക്ടോബർ ഒന്നു മുതൽ | വിദ്യാരംഗം ക്ലബ്ബ് | |
| 11.കേരളപ്പിറവി മാതൃഭാഷാദിനം | പ്രത്യേക അസംബ്ലി വിളിച്ചുചേർത്തുകൊണ്ട് വിദ്യാരംഗം ക്ലബ്ബിന്റെ നേതൃത്വത്തിൽ മാതൃഭാഷ ദിന പ്രഭാഷണം | നവംബർ മുതൽ ഫെബ്രുവരി വരെ | വിദ്യാരംഗം ക്ലബ്ബ് | |

# മേഖല - അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വായനശേഷി | കൃത്യമായി വായിക്കാൻ അറിയാത്ത എട്ടു മുതൽ 10 വരെയുള്ള കുട്ടികളെ കണ്ടെത്തി അവരെ പരിശീലിപ്പിച്ച് തെറ്റില്ലാതെ വായിക്കാൻ പ്രാപ്തരാക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ അറബിക് ക്ലബ് | |
| 2.അറബി ഭാഷ ശേഷി വർദ്ധിപ്പിക്കൽ | സ്വന്തമായി വാചകങ്ങൾ ഉണ്ടാക്കാൻ സഹായിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക | ജൂൺ മുതൽ ഫെബ്രുവരി വരെ | അറബിക് ക്ലബ് | |
| 3. കവിതാ രചന | താല്പര്യം ഉള്ള കുട്ടികളെ കണ്ടു പ്രത്യേക ക്യാമ്പ് നടത്തി പ്രോത്സാഹിപ്പിക്കുന്നു | ഡിസംബർ | അറബിക് ക്ലബ് | 2000 |
| 4.അറബി എക്സിബിഷൻ | അറബി ഭാഷ ദിനത്തിൽ അറബി ഭാഷയുമായി ബന്ധപ്പെട്ട എക്സിബിഷൻ | ഡിസംബർ | അധ്യാപകർ | |

# മേഖല - ഇംഗ്ലീഷ്

## പ്രവർത്തനം 1 - ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ളീഷ് നന്നായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | 1. ഇംഗ്ളീഷിൽ തന്നെ ഇംഗ്ളീഷ് ക്ളാസ് കൈ കാര്യം ചെയ്യൽ<br>2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ ഇംഗ്ലീഷിൽ ഡിബേറ്റ് സെമിനാർ പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br>3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ ക്ലാസിനും ചുമതല<br>4. ഇംഗ്ലീഷിൽ ഡയറി എഴുത്ത് ഓരോ കുട്ടിയും | ജൂണ് മുതൽ ഫെബ്രുവരി വരെ എല്ലാദിവസവും തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി ക്ലാസ് ടീച്ചർ ഇൻ ചാർജ് ഇംഗ്ലീഷ് അധ്യാപകർ | 2000 ( SRG ) |
| **പ്രവർത്തനം 2 - ഇംഗ്ലീഷ് തീയേറ്റർ** | | | | |
| 2 ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 1.ഇംഗ്ലീഷ് കഥ കവിത രചന ക്യാമ്പ് ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ സിപിഐയിൽ കാണിക്കൽ<br><br>2. പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ് നാടകം സംഭാഷണം തുടങ്ങിയ രീതികൾ<br><br>3. ഇംഗ്ലീഷ് ന്യൂസ് റീഡിങ്<br><br>4. ഇംഗ്ലീഷ് സിനിമ പ്രവർത്തനം | മൂന്നുമാസത്തിൽ ഒരിക്കൽ ഒരു വർഷം<br><br>മാസത്തിലൊരിക്കൽ<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>രണ്ടുമാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ ക്ലബ്ബ് സെക്രട്ടറി<br><br>ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | 2000,പിടിഎ പ്രാദേശിക സഹായം<br><br>2000 (പിടിഎ) |

| | | | | |
|---|---|---|---|---|
| 3. വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധികസമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് സംഘടിപ്പിക്കൽ | ഇംഗ്ലീഷ് ടീച്ചർ | ആഴ്ചയിൽ രണ്ടുദിവസം | 1000 ( PTA ) |
| 4.വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ വായനക്കുറിപ്പ് തയ്യാറാക്കൽ<br>കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | ആഴ്ചയിൽ ഒരു ദിവസം<br>പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |
| 5. ഫിലിം ഫെസ്റ്റ് & ഡ്രാമ വർക്കഷോപ്പ് | | | ഇംഗ്ലീഷ് ക്ലബ്ബ് | |

| മേഖല - ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം1** |
| 1. രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന,കവിത വായന,എന്നിവയ്ക്ക് അവസരം നല്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |
| 2. മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ,നോവലുകൾ,സിനിമകൾ എന്നിവ കാണാൻ അവസരം നല്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | പി ടി എ |
| 3. വാർത്തകൾ,വാർത്ത വായനക്കാർ,ജേർണ ലിസ്റ്റുകൾ,തുടങ്ങിയ ജോലി സാധ്യതയക്ക് ായി കുട്ടികളെ പ്രാപ്തരാക്കുക. | പ്രശസ്ത ജേർണലിസ്റ്റുകളുമായും ഹിന്ദി സാഹിത്യകാരന്മാരുമായുള്ള അഭിമുഖങ്ങൾ വീഡിയോകൾ കാണിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക | |

| മേഖല - ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1.കുട്ടികളിൽ രോഗങ്ങളെ കുറിച്ചുള്ള അവബോധം വളർത്തൽ | പകർച്ചവ്യാധികളെ കുറിച്ച് ജീവിതശൈലി രോഗങ്ങളെ കുറിച്ചും ഉള്ള വിവരങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി രോഗങ്ങൾ, രോഗകാരി, രോഗമുണ്ടാക്കാനുള്ള സാഹചര്യം, മുൻകരുതലുകൾ, ചികിത്സ എന്നിവയെ കുറിച്ച് കുട്ടികൾക്ക് ശില്പശാല സംഘടിപ്പിക്കുന്നു | ആഴ്ചയിൽ ഒരു തവണ | ബയോളജി അധ്യാപകൻ | |
| 2. ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | വിവിധതരം ചെടികൾ വൃക്ഷത്തൈകൾ കുട്ടികൾ അധ്യാപകർ തുടങ്ങിയവർ ശേഖരിച്ച് സ്കൂളിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ കുട്ടികൾ | പിടിഎ |
| 3. ശാസ്ത്ര മേഖല ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | സയൻസ് ലാബിലെ ഉപകരണങ്ങളും അവയുടെ പ്രവർത്തനങ്ങളും സയൻസ് അധ്യാപകർ പരിചയപ്പെടുത്തുന്നു | ആഴ്ചയിൽ ഒരു തവണ | സയൻസ് അധ്യാപകർ സയൻസ് ക്ലബ് | |
| 4.ശാസ്ത്ര ലേബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും ലാബിൽ തന്നെ പ്രത്യേകം സജ്ജീകരിക്കൽ | ഒരു മാസം | സയൻസ് അധ്യാപകർ | പിടിഎ |
| 5.കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ | ഓരോ ക്ലാസിലെ സംഘടിപ്പിക്കുന്ന അസംബ്ലിയിൽ കുട്ടികൾ ലളിതമായ പരീക്ഷണങ്ങൾ ചെയ്യുന്നതിലൂടെ അതിൻറെ ശാസ്ത്രതത്ത്വം മനസ്സിലാക്കുന്നു | ആഴ്ചയിൽ ഒരു തവണ | സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ | |
| 6.മോഡൽ നിർമ്മാണം | ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ മോഡലുകൾ തുടങ്ങിയവ ഉണ്ടാക്കി ശാസ്ത്രമേള സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | |
| 7.ശാസ്ത്രമാഗസിൻ തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ ലേഖനങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര മാഗസിൻ നിർമ്മിക്കൽ | വർഷത്തിൽ ഒരു തവണ | കുട്ടികൾ സയൻസ് അധ്യാപകർ | |

| മേഖല - സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വയിൽക്കിളികൾ,സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നട ത്തുന്നു | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റിയെടുക്കുക.പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെൻറ ്,മോക്ക് പാർലമെൻറ ്,പൗരബോധം,സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു.ആകാശ കാഴ്ചകൾ,കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു.. | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 4.മതേതരത്വം,സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക.സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ,സർവ്വേ, പ്രോജക്റ്റ്,ചർച്ചകൾ,സംവാദം,ക്ലാസുകൾ,അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| മേഖല - ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | മെയ് ജൂൺ | ഗണിത അധ്യാപികമാർ | പിടിഎ |
| 2. ജാമിതീയ രൂപങ്ങൾ തിരിച്ചറിവ് | ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത ലാബ് സജ്ജീകരിക്കുക | ജൂൺ | ഗണിത അധ്യാപികമാർ | |
| 3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ മാസം | ഗണിത ടീച്ചർ | |
| 4.ഗണിത പഠനം ലളിതമാക്കുക | സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവ സഹായകരമാകുന്ന എന്നതിനുള്ള തിരിച്ചറിവ് കുട്ടികളിൽ ഉണ്ടാക്കുക.വസ്തുക്കളെ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു | ജൂൺ ജൂലൈ | ഗണിത ടീച്ചർ | |
| 5.പ്രായോഗിക പ്രശ്നപരിഹരണം സൂക്ഷ്മത എന്നീ പഠന നേട്ടങ്ങൾ കൈവരിക്കുക | കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുകയും അത് അവതരിപ്പിക്കുകയും ചെയ്യുന്നു | ആഗസ്റ്റ് | ഗണിത അധ്യാപികമാർ | |
| 6.സംഘടന മികവ് കുട്ടികൾ സ്വായത്തമാക്കുക | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | ഗണിത അധ്യാപികമാർ | |
| 7.ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ഗണിത ശില്പശാല സംഘടിപ്പിക്കുന്നു മത്സരങ്ങളിൽ പ്രാപ്തരാക്കുന്നു. ഗണിതശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | നവംബർ ഡിസംബർ | ഗണിത അധ്യാപികമാർ | പിടിഎ |

| മേഖല - കായിക വിദ്യഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ശാരീരിക അവസ്ഥകളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക | ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു വ്യത്യസ്ത ശാരീരിക അവസ്ഥകളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക | ജൂൺ 1 മുതൽ ഓഗസ്റ്റ് 25 വരെ | കായികധ്യാപകൻ | പൂർവ്വവിദ്യാർത്ഥികൾ, പി ടി എ |
| 2. സമ്പൂർണ കായിക ക്ഷമത | കായിക ക്ഷമതയെ സംബന്ധിച്ചും കായികക്ഷമത കൈവരിക്കുന്നതിനുള്ള രീതിശാസ്ത്രങ്ങളെ സംബന്ധിച്ചുള്ള ധാരണപ്രീ -ടെസ്റ്റ്<br>പ്രീ ടെസ്റ്റ് വിശകലനം<br>കായിക ക്ഷമത കൈവരിക്കാനുള്ള വ്യായാമങ്ങൾ പരിചയപെടുത്തുന്നു<br>കായികക്ഷമതയുടെ ഗുണങ്ങളെ കുറിച്ച് ചർച്ച നടത്തുന്നു | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ | കായികധ്യാപകൻ | പൂർവ്വവിദ്യാർത്ഥികൾ, പി ടി എ |

# **Thank You**